(എ) തൃശ്ശൂരിൽ നിന്നും എമല-മുണ്ടൂർ അവന്നൂർ വഴി മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇടയ്ക്കിടെ മുടങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് 1998 മാർച്ച് ഒന്നു മുതൽ 1999 മാർച്ച് 1 വരെ എത്ര സർവ്വീസ് നടത്തിയിട്ടുണ്ട്; ഈ റൂട്ടിൽ നിന്നും പ്രസ്തുത കാലയളവിലെ വരുമാനം എത്രയാണ്;

(സി) ഈ റൂട്ടിൽ മുടങ്ങാതെ ബസ് സർവ്വീസ് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 259 ദിവസം സർവ്വീസ് നടത്തി. വരുമാനം 5,38,566.10 (അഞ്ചു ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി അഞ്ഞൂറ്റി അറുപത്തി ആറ് രൂപ പത്തു പൈസ)

(സി) ദേശസാൽകൃതമേഖലയിലെ സർവ്വീസുകൾക്കും, വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കുമാണ് മുൻഗണന നൽകുന്നത്. ബസിന്റെയും ജീവനക്കാരുടേയും അപര്യാപ്തത മൂലം വരുമാനം കുറവായ ഈ സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാറില്ല.

113 (1562) മാളയിലെ കെ.എസ്.ആർ.ടി.സി. ബസുകൾ മുടങ്ങുന്നതായി പരാതി.

ശ്രീ. യു.എസ്.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസുകൾ സ്ഥിരമായി മുടങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബസുകളുടെയും ജീവനക്കാരുടെയും അപര്യാപ്തത മൂലം ചില സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല. വരുമാനം കുറഞ്ഞ സർവ്വീസുകളാണ് ഇപ്രകാരം ഓപ്പറേറ്റ് ചെയ്യാത്തത്.

(ബി) വാഹനങ്ങളുടെയും ജീവനക്കാരുടെയും ലഭ്യത മെച്ചപ്പെടുന്നതോടുകൂടി മാത്രമെ പരിഹരിക്കാൻ കഴിയൂ.

114 (1563) കോഴിക്കോട് കുതിരവട്ടം റോഡിലൂടെ ബസ്സർവ്വീസ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടം റോഡിലൂടെ ബസ് സർവ്വീസ് ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബസുകളുടെ അപര്യാപ്തത മൂലവും വരുമാനം തീരെ കുറവായ റൂട്ടായതുകൊണ്ടും തല്ക്കാലം കഴിയുകയില്ല.

115 (1564) വർക്കലയിൽ സർവ്വീസ് നടത്തുന്ന ബസുകൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽകൂടി സർവ്വീസ് നടത്തിവന്നിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബസ് സർവ്വീസുകൾ നിർത്തലാക്കിയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കൃത്യമായി സർവ്വീസ് നടത്താത്ത റൂട്ടുകളിലെ കളക്ഷൻ കുറയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുടക്കം കൂടാതെ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കൊല്ലം ഡിപ്പോയിൽ നിന്നും പാരിപ്പള്ളി പനയറ-തോക്കാട് വഴി വർക്കലയ്ക്കുള്ള ബസ് നിർത്തിവച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്)ഈ സർവ്വീസ് വീണ്ടും ആരംഭിക്കുന്നതിനോടൊപ്പം കൂടുതൽ ട്രിപ്പുകൾ ഓടിക്കുന്നതിനുംകൂടി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. ബസിന്റെയും ജീവനക്കാരുടെയും കുറവുമൂലം വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓടിക്കാറില്ല.

(ബി) വരുമാനം കുറഞ്ഞവയും സ്വകാര്യ സർവ്വീസുകൾ ഉള്ളതുമായ റൂട്ടുകളിൽ ബസിന്റെ കുറവുമൂലം ചില ദിവസങ്ങളിൽ ചില സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാറില്ല.

(സി) ഉണ്ട്.

(ഡി) ആവശ്യത്തിന് ബസുകൾ ഇല്ലാത്തതുകൊണ്ട് എല്ലായ്പ്പോഴും കഴിയുന്നില്ല.

(ഇ) വരുമാനം കുറവായ സർവ്വീസായതുകൊണ്ടും ബസ്സുകളുടെ കുറവുമൂലവും.

(എഫ്) ബസുകളുടെ അപര്യാപ്തതമൂലം നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly